ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:16.05.2024

## പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജിതമായി പുരോഗമിക്കുന്നു. ആദ്യ നാല് ഘട്ടങ്ങളിലായി 66.95% പോളിംഗ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

2. ഇടുക്കി ജില്ലയിൽ, വരൾച്ചയെ തുടർന്ന് വ്യാപക കൃഷിനാശം നേരിടുന്ന പ്രദേശങ്ങളിൽ കൃഷിമന്ത്രി പി. പ്രസാദ് സന്ദർശനം നടത്തി.

3. കോഴിക്കോട് മെഡിക്കൽ കോളേജിൽ നാല് വയസുകാരിയ്ക്ക് ശസ്ത്രക്രിയാ പിഴവ് സംഭവിച്ചെന്ന പരാതിയിൽ ഡോക്ടറെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു.

4. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. പാലക്കാട്, മലപ്പുറം ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രത.

5. ആലപ്പുഴ ജില്ലയിൽ മൂന്നിടത്ത് കൂടി പക്ഷിപ്പനി സ്ഥിരീകരിച്ചു.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

$$$$$$$$$$$$$$$$

RNU TVPM

## ഹെഡ്‌ലൈൻ-1

**പ്രചാരണം**

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം രാജ്യത്ത് ഊർജിതമായി പുരോഗമിക്കുന്നു. അഞ്ചാംഘട്ട തിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം മറ്റന്നാൾ അവസാനിക്കും. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഉത്തർപ്രദേശിലും കേന്ദ്ര മന്ത്രി അമിത് ഷാ ബിഹാറിലും പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയും ഉത്തർപ്രദേശിലാണ് ഇന്ന് പ്രചാരണം നടത്തിയത്. ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കേജ്രിവാൾ ഇന്ന് പഞ്ചാബിലാണ് പര്യടനം നടത്തുന്നത്.

RNU TVPM

*******************************

## ഹെഡ്‌ലൈൻ-1എ

**പോളിങ് ശതമാനം 66.95%**

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ നാല് ഘട്ടങ്ങളിലുമായി 66.95% പോളിംഗ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക കണക്കുകൾ. പൊതു തെരഞ്ഞെടുപ്പിൻറെ ആദ്യ നാല് ഘട്ടങ്ങളിൽ ഏകദേശം 451 ദശലക്ഷം പേർ വോട്ട് ചെയ്തു. 5, 6, 7 ഘട്ട വോട്ടെടുപ്പിലെ ജനപ്രാതിനിധ്യം ഉയർത്തുന്നതിനായി അവബോധ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു.

*******************************

## ഹെഡ്‌ലൈൻ-2

### ഇടുക്കി - കൃഷിമന്ത്രി

വരൾച്ചയെത്തുടർന്ന് ഇടുക്കി ജില്ലയിൽ വ്യാപക കൃഷിനാശമാണ് ഉണ്ടായതെന്ന് കൃഷിമന്ത്രി പി പ്രസാദ്. ജില്ലയിലെ വരൾച്ചാബാധിത മേഖലകളിൽ സന്ദർശനം നടത്തുകയായിരുന്നു മന്ത്രി. മന്ത്രി റോഷി അഗസ്റ്റിൻ, കൃഷി വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരും മന്ത്രിക്ക് ഒപ്പമുണ്ടായിരുന്നു. കേന്ദ്രസർക്കാരും കമ്മോഡിറ്റി ബോർഡുകളും ഇക്കാര്യത്തിൽ ഇടപെടുകയും ജില്ലയെ വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും വേണമെന്നും മന്ത്രി പറഞ്ഞു. കുമളി വെള്ളാരംകുന്ന്, വള്ളക്കടവ്, സുവർണ്ണ ഗിരി, കാഞ്ചിയാർ തുടങ്ങിയ സ്ഥലങ്ങളായിരുന്നു മന്ത്രിമാരുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തിയത്. കാർഷിക പ്രശ്നങ്ങൾ സംബന്ധിച്ച് കട്ടപ്പനയിൽ കർഷക സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവരുമായി സംഘം ചർച്ച നടത്തി.

*******************************

RNUTVPM

## ഹെഡ്‌ലൈൻ-3

### ശസ്ത്രക്രിയാ പിഴവ് - ആരോഗ്യമന്ത്രി

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നാല് വയസുകാരിയ്ക്ക് ശസ്ത്രക്രിയാ പിഴവ് സംഭവിച്ചെന്ന പരാതിയിൽ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിജോൺ ജോൺസണെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. സംഭവത്തെപ്പറ്റി അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് നടപടി. വിശദമായ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി.

ആശുപത്രികൾ പ്രോട്ടോകോളുകൾ കൃത്യമായി പാലിക്കാൻ മന്ത്രി കർശന നിർദേശം നൽകി. കൈവിരൽ ശസ്ത്രക്രിയക്ക് തിയേറ്ററിൽ പ്രവേശിപ്പിച്ച കുട്ടിക്ക് നാവിൽ ശസ്ത്രക്രിയ ചെയ്തതായാണ് പരാതി ഉയർന്നത്. സംഭവത്തിൽ നടപടി ആവശ്യപ്പെട്ട് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ആശുപത്രിയിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു.

********************************

## മരുന്ന് വില

41 നിത്യ ഉപയോഗ മരുന്നുകളുടെയും, ആറിനം മരുന്നുകൂട്ടുകളുടെയും വില കേന്ദ്രസർക്കാർ വെട്ടിക്കുറിച്ചു. പ്രമേഹം, ഹൃദ്രോഹം, കരൾ രോഗം എന്നിവയുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന മരുന്നുകളുടെ വിലയാണ് ദേശീയ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ്ങ് ഏജൻസി വെട്ടിക്കുറച്ചത്. പുതുക്കിയ നിരക്ക് വിൽപനക്കാർക്ക് അടിയന്തരമായി കൈമാറാനും മരുന്ന് കമ്പനികൾക്ക് നിർദ്ദേശം നൽകി.

RNU TVPM

********************************

## ഹെഡ്‌ലൈൻ-4

### മഴ

ചക്രവാതച്ചുഴിയുടെയും ന്യുനമർദ്ദ പാത്തിയുടെയും സ്വാധീനത്താൽ കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. പാലക്കാട്, മലപ്പുറം ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഞായറാഴ്ചയും, 7 ജില്ലകളിൽ തിങ്കളാഴ്ചയും ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. 20ന് ഓറഞ്ച് ജാഗ്രതയാണ്

പ്രഖ്യാപിച്ചിരിക്കുന്നതെങ്കിലും ചുവപ്പ് ജാഗ്രതയ്ക്ക് സമാനമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് കാലവർഷം ഈ മാസം 31-ഓടെ എത്തിച്ചേരും. തെക്കൻ കേരളാ തീരത്തും, ലക്ഷദ്വീപ് പ്രദേശത്തും ഈ മാസം 18 മുതൽ 20 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ല. കേരള തീരത്ത് ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കണം. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്ന് അധികൃതർ നിർദ്ദേശിച്ചു.

**********************************

## അതിജീവിതയുടെ മരണം - വനിതാ കമ്മീഷൻ

RNU TVPM

ഇടുക്കി ജില്ലയിലെ ഇരട്ടയാറിൽ പോക്സോ കേസ് അതിജീവിത മരിച്ചത് കഴുത്തു ഞെരിഞ്ഞതുമൂലം ശ്വാസം മുട്ടിയാണെന്ന മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ വനിതാ കമ്മിഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ ഇക്കാര്യം സ്ഥിരീകരിച്ചതായാണ് മാധ്യമ വാർത്തകൾ. ഇതുസംബന്ധിച്ച് ഇടുക്കി ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടതായി വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവി അറിയിച്ചു.

**********************************

## അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്

അമീബിക്ക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടിയുടെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. കുട്ടി ഇപ്പോഴും തീവ്ര

പരിചരണ വിഭാഗത്തിലാണ്. ആശുപത്രിയിൽ നിരീക്ഷണത്തിലുള്ള കുട്ടികളുടെ ആരോഗ്യനില തൃപ്തികരമാണെന്ന് അധികൃതർ പറഞ്ഞു. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശത്ത് ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. മലപ്പുറം മൂന്നിയൂർ പഞ്ചായത്തിലെ 5 വയസ്സുള്ള കുട്ടിക്കാണ് രോഗം സ്ഥിരീകരിച്ചത്.

**********************************

## ഹെഡ്ലൈൻ-5

### പക്ഷിപ്പനി

ആലപ്പുഴ ജില്ലയിൽ മൂന്നിടത്ത് കൂടി പക്ഷിപ്പനി റിപ്പോർട്ട് ചെയ്തു. മാവേലിക്കരയിലെ തഴക്കര, എടത്വയിലെ ആനപ്രാമ്പാൽ, ചമ്പക്കുളം എന്നിവിടങ്ങളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. തഴക്കരയിലും ആനപ്രമ്പാലിലും ഒരാഴ്ചയോളമായി താറാവുകൾ ചത്തുവീഴുന്നുണ്ട്. ചമ്പക്കുളത്ത് കോഴികളിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. ആലപ്പുഴ ജില്ലയിൽ ഈ വർഷം ഇതുവരെ ആറിടങ്ങളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്നു.

RNU TVPM

**********************************

### കോഴിക്കോട് - പന്തീരാങ്കാവ്

കോഴിക്കോട് പന്തീരാങ്കാവ് ഗാർഹികപീഡന കേസിലെ പ്രതി രാഹുലിനായുള്ള തിരച്ചിൽ ശക്തമാക്കി പോലീസ്. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണ്. അതേസമയം പ്രതിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകർ പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്തി.

********************************

**അരുവിക്കര ഡാം**

അരുവിക്കര ഡാമിൻറെ രണ്ടാമത്തേയും മൂന്നാമത്തേയും ഷട്ടറുകൾ ഉയർത്തിയ സാഹചര്യത്തിൽ സമീപവാസികൾ ജാഗ്രത പാലിയ്ക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു. രണ്ട് ഷട്ടറുകളും 10 സെൻറിമീറ്റർ വീതമാണ് ഉയർത്തിയത്.

********************************

**ഒപ്പം പദ്ധതി - കണ്ണൂർ (ഇൻട്രോ)**

തനിച്ച് കഴിയുന്ന, നിരാലംബരായ സ്ത്രീകളുടെ സംരക്ഷണത്തിനായി കണ്ണൂർ പിണറായി പോലീസ് സ്റ്റേഷൻറെ ആഭിമുഖ്യത്തിൽ 'ഒപ്പം' പദ്ധതിക്ക് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

(വോയിസ്)

RNU TVPM

********************************

**ഹെഡ്‌ലൈൻ-6**

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. പോയിൻറ് പട്ടികയിൽ ഹൈദരാബാദ് നാലാമതും, ഗുജറാത്ത് എട്ടാമതുമാണ്.

********************************

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 677 പോയിൻറ് നേട്ടത്തിൽ 73,663ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 203 പോയിൻറ് നേട്ടത്തിൽ 22,404ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 560 രൂപ വർധിച്ച് 54,280 രൂപയും ഗ്രാമിന് 70 രൂപ വർധിച്ച് 6,785 രൂപയുമാണ് ഇന്നത്തെ വില.

********************************

## ഇടുക്കി -കാട്ടാന

ഇടുക്കി കുഞ്ചിത്തണ്ണി നെല്ലിക്കാട്ടിൽ ജനവാസ മേഖലയിൽ കാട്ടാനക്കൂട്ടമിറങ്ങിയത് പരിഭ്രാന്തി പരത്തി. ചൊക്രമുടി മലനിരകളിൽ നിന്ന് ഉപ്പള വഴിയാണ് ആറു കാട്ടാനകൾ നെല്ലിക്കാട്ടിലെത്തിയത്. കാട്ടാനക്കൂട്ടത്തിൽ രണ്ടു കുട്ടിയാനകളും ഉണ്ടായിരുന്നു. നാട്ടുകാർ വനപാലകരെ വിവരമറിച്ചതനുസരിച്ച് ദ്രുതകർമ്മ സേനാ അംഗങ്ങൾ സ്ഥലത്തെത്തി ആനകളെ തുരത്തി.

********************************

## ശശികുമാർ ഫൗണ്ടേഷൻ

പ്രശസ്ത വയലിനിസ്റ്റ് ബി ശശികുമാറിൻറെ സ്മരണാർത്ഥം ആരംഭിക്കുന്ന "ബി ശശികുമാർ ഫൗണ്ടേഷൻ സംഗീത കൂട്ടായ്മ" മന്ത്രി സജി ചെറിയാൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം

RNUTVPM

ചെയ്യും. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കുന്ന ചടങ്ങിൽ ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി മുഖ്യ പ്രഭാഷണം നടത്തും.

*

***************************

**********************************************************

RNU TVPM